"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.വിനീത മാർട്ടിൻ മേത്തശ്ശേരി യുടെ ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ചു കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.951/2022/LSGD തീയതി,തിരുവനന്തപുരം, 18-04-2022

---

പരാമർശം:-

1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.
2. ശ്രീമതി.വിനീത മാർട്ടിൻ മേത്തശ്ശേരിയുടെ 18.11.2021 ലെ ശൂന്യവേതനാവധിയപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 16.12.2019, 06.12.2021 എന്നീ തീയതികളിലെ ഇ6-13203/19നമ്പർ കത്തുകൾ.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.വിനീത മാർട്ടിൻ മേത്തശ്ശേരിയു ടെ 12.04.2019 മുതൽ 21.09.2021 വരെ യുള്ള ഹാജരില്ലായ്മ ക്രമീകരിക്കുന്നതിനായി പരാമർശം ( 2 ) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 3 ) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി.വിനീത മാർട്ടിൻ മേത്തശ്ശേരി 25.10.2017 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് 12.04.2019 മുതൽ 31.12.2019 വരെ വരാപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശൂന്യവേതനാവധി അനുവദിക്കുകയും തുടർന്ന് 40 ദിവസത്തേക്ക് കൂടി അനുവദിക്കുകയും തുടർന്ന് ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിച്ച സാഹചര്യത്തിൽ വരാപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ശൂന്യവേതനാവധി റദ്ദ് ചെയ്യുകയുണ്ടായി. അവധി കഴിഞ്ഞ് ശ്രീമതി.വിനീത മാർട്ടിൻ 22.09.2021 ൽ സേവനത്തിൽ പുനഃപ്രവേശിച്ചിട്ടുണ്ട്.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സേവനത്തിൽ പ്രവേശിച്ചിട്ട് മൂന്നു വർഷം പൂർത്തിയാകുന്നതിന് മുൻപ് 90 ദിവസത്തിൽ കൂടുതൽ കാലയളവിലേക്ക് അവധി യിൽ പ്രവേശിച്ചിട്ടുള്ള സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി . വിനീത മാർട്ടിൻ മേത്തശ്ശേരിയ്ക്ക് 12.04.2019 മുതൽ 21.09.2021 വരെ ടി കാലയളവിലേക്ക് ഇൻക്രിമെന്റ് , ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം 1 , ചട്ടം 88(ii) ൽ ഇളവ് വരുത്തി ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷൈജ സി ജി**

സ.ഉ.(സാധാ) നം.951/2022/LSGD

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, വരാപ്പുഴ ഗ്രാമപഞ്ചായത്ത്,എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ശ്രീമതി.വിനീത മാർട്ടിൻ മേത്തശ്ശേരി, ക്ലാർക്ക്, വരാപ്പുഴ ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധനവകുപ്പ് (25.03.2022ലെ ധെവ-5/100/21/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(15/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
**Signed by Danuja M S**
**Date: 18-04-2022 14:36:57**

സെക്ഷൻ ഓഫീസർ